# VERAPOLY
## ARCHDIOCESAN GAZETTE
## വരാപ്പുഴ അതിരൂപതാ ഗസറ്റ്

**Vol. LII - JK 88** **2024 JULY 3** **No.6**


## ഹൃദയപൂർവ്വം നന്ദി!

*യേശുവിൽ പ്രിയ സഹോദര വൈദികരേ,*
*സന്ന്യാസസഹോദരന്മാരേ, സഹോദരിമാരേ, വത്സലമക്കളേ,*

'ഹൃദയം ഹൃദയത്തോട് സംസാരിക്കുക'യെന്നത് വി. ജോൺ ഹെൻട്രി ന്യൂമാന്റെ ആപ്തവാക്യമായിരുന്നല്ലോ. ദൈവവും മനുഷ്യനും തമ്മിലുള്ള തുറന്ന ബന്ധത്തെ സൂചിപ്പിക്കുന്ന ഈ വാചകം മനുഷ്യ ബന്ധങ്ങളിലും ചില സന്ദർഭങ്ങളിൽ ഉപയോഗിക്കാറുണ്ട്. അത്തര ത്തിലുള്ള ഒരു ഹൃദയം തുറന്ന നന്ദിപ്രകടനത്തിനുള്ള നിമിഷങ്ങ ളാണ് എന്നെ സംബന്ധിച്ചിടത്തോളം ഇത്.

2024 ജൂൺ 30-ാം തീയതി ഞായറാഴ്ചയായിരുന്നല്ലോ നമ്മുടെ അഭിവന്ദ്യ മെത്രാപ്പോലീത്ത ജോസഫ് കളത്തിപറമ്പിൽ പിതാവ് എന്നെ വരാപ്പുഴ അതിരൂപതയുടെ നാലാമത്തെ തദ്ദേശീയ സഹായ മെത്രാനായി വല്ലാർപാടം ബസിലിക്ക അങ്കണത്തിൽവച്ച് അഭിഷേകം ചെയ്തത്. പ്രസ്തുത അവസരത്തിൽ പ്രകടമായ ദൈവാനുഗ്രഹ ങ്ങൾക്ക് നിങ്ങളും സാക്ഷികളായിരുന്നല്ലോ. പ്രഭാതത്തിലുണ്ടായി രുന്ന വർഷകാല മഴയുടെ തടസ്സമില്ലാതെ തിരുകർമ്മങ്ങൾ സുഗമ മായി ക്രമീകരിക്കുവാൻ നമുക്കു സാധിച്ചത് ത്രിത്വൈക ദൈവത്തിന്റെ അനുഗ്രഹത്താലും പരിശുദ്ധ വല്ലാർപാടത്തമ്മയുടെയും വരാപ്പുഴ

അതിരൂപതയുടെ മധ്യസ്ഥനായ വി. യൗസേപ്പിതാവിന്റെയും വി. അന്തോണീസിന്റെയും മധ്യസ്ഥതയാലും നിങ്ങൾ നടത്തിയ പ്രാർത്ഥ നയാലുമാണല്ലോ.

അഭിവന്ദ്യ ജോസഫ് കളത്തിപ്പറമ്പിൽ പിതാവ് രക്ഷാധികാരി യായും വികാരിജനറൽമാരായ മോൺ. മാത്യു കല്ലിങ്കൽ, മോൺ. മാത്യു ഇലഞ്ഞിമിറ്റം എന്നിവർ ചെയർമാൻമാരായും, ബഹുമാനപ്പെട്ട മാർട്ടിൻ തൈപറമ്പിലച്ചൻ ജനറൽ കൺവീനറായും, അഡ്വ. ഷെറി. ജെ. തോമസ് ജോയിന്റ് ജനറൽ കൺവീനറായും, ബഹുമാനപ്പെട്ട യേശുദാസ് പഴമ്പിള്ളിയച്ചൻ PRDയായും 500 പേരടങ്ങിയ 13 കമ്മിറ്റികളാണ് മെത്രാ ഭിഷേക ചടങ്ങുകൾക്ക് നേതൃത്വം നല്കിയത്. ബഹുമാനപ്പെട്ട വൈദികരും സന്ന്യസ്തരും നമ്മുടെ അതിരൂപതയിലെ പ്രഗത്ഭരായ അല്മായനേതാക്കളും മുൻനിരയിൽ നിന്നു നേതൃത്വം നല്കിയ കമ്മി റ്റികളുടെ രാപകലില്ലാത്ത കഠിനാദ്ധ്വാനമാണ് മെത്രാഭിഷേകകർമ്മം വിജയകരമാക്കിയത്. ഈ അവസരത്തിൽ ത്യാഗോജ്ജ്വലമായ സേവനം നമ്മുടെ അതിരൂപതയ്ക്കായി കാഴ്ചവച്ച സേവനസന്നദ്ധരായ ഈ കമ്മിറ്റിയംഗങ്ങൾക്കെല്ലാവർക്കും ഞാൻ ഹൃദയപൂർവ്വം നന്ദി പറയുന്നു.

കേരളത്തിലെ വിവിധ അതിരൂപതകളിൽനിന്നും, രൂപതകളിൽ നിന്നും എത്തിച്ചേർന്ന കർദ്ദിനാൾ, മെത്രാപ്പോലീത്താമാർ, മെത്രാന്മാർ, വൈദികർ എന്നിവർ സഹകാർമ്മികരായ ദിവ്യബലിയിൽ നമ്മുടെ നാട്ടിലെ വിവിധ രാഷ്ട്രീയനേതാക്കളും, സാംസ്കാരികനായകന്മാരും, സർക്കാർ ഉദ്യോഗസ്ഥരും, ക്രമസമാധാന പാലകരും, മാധ്യമപ്രവർത്ത കരും പങ്കാളികളായത് സന്തോഷം നൽകുന്നു. ഈ ഒത്തുചേരലിൽ വമ്പിച്ച ജനാവലിയുടെ സാന്നിദ്ധ്യമുണ്ടായിരുന്നുവെന്നത് ഇതിനെ ഏറെ ധന്യമാക്കുകയായിരുന്നല്ലോ. ആയതിനാൽ ഇടവകകളിലെ ജന ങ്ങളുടെ എല്ലാവിധ സഹകരണവും മെത്രാഭിഷേകർമ്മത്തിനായി സംജാതമാക്കിയ ബഹു. വികാരിയച്ചന്മാരെയും സഹവികാരിമാരെയും ഇടവകയോടു ചേർന്നു പ്രവർത്തിക്കുന്ന എല്ലാ സന്യാസിനി സന്യാ സസമൂഹങ്ങളെയും അല്മായസംഘടനകളെയും ഞാൻ നന്ദിയോടു കൂടെ അനുസ്മരിക്കുന്നു.

സ്നേഹമുള്ളവരെ, അപ്പസ്തോലിക ശുശ്രൂഷയിലേക്ക് നല്ല ദൈവം എന്നെ തിരഞ്ഞെടുത്തു. നിങ്ങൾ എന്നെ മെത്രാനായി അവരോധിച്ചു. എന്റെ ഈ ശുശ്രൂഷ വിശുദ്ധിയോടും വിശ്വസ്തതയോടും കൂടി ചെയ്യുവാൻ എനിക്കുവേണ്ടി പ്രാർത്ഥിക്കമെന്ന് നിങ്ങളോട് ഞാൻ അഭ്യർത്ഥിക്കുന്നു. ഒപ്പം അഭിവന്ദ്യ ജോസഫ് കളത്തിപ്പറമ്പിൽ പിതാവിനെയും അതിരൂപത മുഴുവനെയും നിങ്ങളുടെ പ്രാർത്ഥനയുടെ ഭാഗമാക്കണമേയെന്ന് അപേക്ഷിക്കുന്നതോടൊപ്പം നിങ്ങൾക്കുവേണ്ടി ഞാൻ പ്രാർത്ഥിക്കുന്നതാണെന്ന് ഉറപ്പു നല്കുകയും ചെയ്യുന്നു.

പൈതൃകാശീർവാദങ്ങളോടെ, എറണാകുളത്ത് നമ്മുടെ അതിമെത്രാസനമന്ദിരത്തിൽ നിന്ന്, 2024 ജൂലൈ 3-ാം തീയതി,

**✠ ആന്റണി വാലുങ്കൽ**
വരാപ്പുഴ അതിരൂപത സഹായമെത്രാൻ

---

N.B.: **ഈ ഇടയലേഖനം 2024 ജൂലൈ 7-ാം തീയതി ഞായറാഴ്ച ദിവ്യബലി മദ്ധ്യേ വായിക്കേണ്ടതാണ്.**

## CIRCULAR - 16

# യുവജനദിനം

## 2024 ജൂലൈ 7, ഞായർ

*യേശുവിൽ പ്രിയ സഹോദരവൈദികരേ,*
*സന്ന്യാസസഹോദരന്മാരേ, സഹോദരിമാരേ, വത്സലമക്കളേ,*

കേരള സഭ 2024 ജൂലൈ ഏഴാം തീയതി ഞായറാഴ്ച യുവജന ദിനമായി ആചരിക്കാൻ ഒരുങ്ങുകയാണ്. എല്ലാ യുവജനങ്ങൾക്കും യുവജന ശുശ്രൂഷകർക്കും യുവജനദിനത്തിന്റെ ആശംസകളും പ്രാർത്ഥനകളും നേരുന്നു. വരാപ്പുഴ അതിരൂപതയെ സംബന്ധിച്ചിടത്തോളം ഈ വർഷത്തെ യുവജനദിനം വളരെയേറെ പ്രസക്തി നല്കുന്നുണ്ട്. നമ്മൾ ഈ വർഷം യുവജനവർഷമായി ആചരിക്കുന്നതിനിടയിലെ യുവജനദിനത്തിനാണ് നാം ഒരുങ്ങുന്നത്. വരാപ്പുഴ അതിരൂപത യുവജന കമ്മീഷൻ നേതൃത്വം നൽകുന്ന എല്ലാ പ്രവർത്തനങ്ങളോടും, പ്രത്യേകിച്ച് യുവജന വർഷത്തിലെ എല്ലാ കർമ്മപരിപാടികളോടും ചേർന്ന് നിൽക്കുന്ന യുവജനങ്ങൾക്കും അവർക്ക് നേതൃത്വം നൽകുന്ന ബഹുമാനപ്പെട്ട വികാരിയച്ചന്മാർക്കും കൊച്ചച്ചന്മാർക്കും യുവജന കോഡിനേറ്റേഴ്സിനും മറ്റെല്ലാ ഭാരവാഹികൾക്കും അതിരൂപതയുടെ കരുത്തായി പ്രവർത്തിക്കുന്ന കെ.സി.വൈ.എം, സി.എൽ.സി, ജീസസ് യൂത്ത് എന്നീ യുവജന സംഘടനകൾക്കും പ്രത്യേകം നന്ദി പറയുന്നു. യുവജന വർഷത്തിൽ നമ്മുടെ എല്ലാ ഇടവകകളിലും ഏതെങ്കിലും ഒരു യുവജനസംഘടന എങ്കിലും നിർബന്ധമായും രൂപീകരിക്കണം എന്ന് ഒരിക്കൽ കൂടി ഞാൻ ഓർമ്മപ്പെടുത്തുന്നു. കുടുംബ വിശുദ്ധീകരണ വർഷത്തിൽ അതിരൂപതയിലെ യുവജനങ്ങൾക്ക് വേണ്ടി നമ്മൾ ആരംഭിച്ച Youngsters of Verapoly അഥവാ YUV എന്ന യുവജന കൂട്ടായ്മ ഇനിയും ആരംഭിക്കാത്ത ഇടവകകളിൽ എല്ലാ മാസത്തി ന്റെയും അവസാനത്തെ ഞായറാഴ്ച എല്ലാ യുവജനങ്ങളെയും ഒരുമിച്ചുകൂട്ടി അവരുടെ നേതൃത്വത്തിലുള്ള ദിവ്യബലിയും യൂക്കാറ്റ് പഠനവും മറ്റു ആനുകാലികമായ ചർച്ചകളും നടത്തണമെന്ന് ഓർമ്മപ്പെടുത്തുന്നു. ഈ യുവജന വർഷത്തിലെ

അതിരൂപത യുവജന ദിന ആഘോഷങ്ങൾ 'ഇല്ലുമിനേറ്റ് 2024' ജൂലൈ ഇരുപത്തിയൊന്നാം തീയതി ഞായറാഴ്ച കളമശ്ശേരി ആശിസ് കൺവെൻഷൻ സെന്ററിൽ വച്ച് നടത്തുകയാണ്. അന്നേ ദിനം ഉച്ച കഴിഞ്ഞ് 1.30 ന് രജിസ്ട്രേഷൻ ആരംഭിച്ച് യുവജനദിന ആഘോഷങ്ങൾ ആരംഭിക്കുന്നതാണ്. അതിരൂപതയുടെ പുതിയ സഹായ മെത്രാൻ അഭിവന്ദ്യ ആന്റണി വാലുങ്കൽ പിതാവ് യുവജനദിന ആഘോഷങ്ങൾ ഉദ്ഘാടനം ചെയ്യുന്നതാണ്. അന്നേദിനം അതിരൂപതയിലെ എല്ലാ യുവജനങ്ങളുടെയും പങ്കാളിത്തം ഉണ്ടാവണമെന്ന് ഓർമിപ്പിക്കുന്നു. തുടർന്നുള്ള എല്ലാ യുവജന പ്രവർത്തനങ്ങളിലും യുവജന വർഷ പരിപാടികളിലും എല്ലാ യുവജനങ്ങളുടെയും സജീവമായ പങ്കാളിത്തം ഇനിയും ഉണ്ടാകണമെന്നും ബഹുമാനപ്പെട്ട വൈദികരും സിസ്റ്റേഴ്സും എല്ലാ ആനിമേറ്റേഴ്സും നിസ്വാർത്ഥമായ സഹകരണവും പ്രോത്സാഹനവും നല്കണമെന്നും യുവജനങ്ങൾക്ക് വേണ്ടി ഞാൻ ഓർമ്മിപ്പിക്കുന്നു.

യുവജനദിനത്തോടനുബന്ധിച്ച് കെ.സി.ബി.സി. യുവജന കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ ചുവടെ ചേർക്കുന്നു. ഈ സർക്കുലറിന്റെ ഉള്ളടക്കം **2024 ജൂലൈ 7-ാം തീയതി ഞായറാഴ്ച** ദിവ്യബലിമധ്യേ വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്കു വിശദീകരിച്ചു കൊടുക്കുകയോ ചെയ്യേണ്ടതാണ്.

പൈതൃകാശീർവാദങ്ങളോടെ, എറണാകുളത്ത് നമ്മുടെ അതിമെത്രാസനമന്ദിരത്തിൽ നിന്ന് 2024 ജൂലൈ 3-ാം തീയതി.

എറണാകുളം
**03.07.2024**

**✠ ജോസഫ് കളത്തിപ്പറമ്പിൽ**
*വരാപ്പുഴ അതിരൂപതാ മെത്രാപ്പോലീത്ത*

# യുവജനദിനം

## 2024 ജൂലൈ 7, ഞായർ

### കെസിബിസി യുവജനകമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

*ക്രിസ്തുവിൽ പ്രിയ സഹോദരങ്ങളെ,*

നമ്മുടെ കർത്താവായ യേശുക്രിസ്തുവിൽ നിന്ന് നിങ്ങൾക്ക് കൃപയും സമാധാനവും!

കേരളസഭ 2024 യുവജനവർഷമായി ആചരിക്കുമ്പോൾ എല്ലാവർക്കും ഈ വർഷത്തെ യുവജന ദിനത്തിന്റെ പ്രാർത്ഥനാശംസകൾ ഏറ്റവും സ്നേഹത്തോടെ നേരുന്നു. **'കണ്ണിൽ കനിവും കരളിൽ കനലും കാലിൽ ചിറകുമുള്ള ക്രൈസ്തവ യുവത്വം'** എന്ന ആപ്തവാക്യത്തെ അടിസ്ഥാനപ്പെടുത്തി ജനുവരി 7 നു തുടക്കം കുറിച്ച യുവജന വർഷത്തിൽ കേരളത്തിലെ 32 രൂപതകളും സജീവമായി പങ്കുചേരുന്നതിൽ ഏവരെയും ആത്മാർഥമായി അഭിനന്ദിക്കുന്നു.

കേരളസഭയിലെ യുവജന പ്രസ്ഥാനങ്ങളായ കെസിവൈഎം, ജീസസ് യൂത്ത്, സിഎൽസി, ഐക്കഫ്, ബോസ്കോ യൂത്ത്, യൂക്കരിസ്ത്യ, ഇദെന്തെ തുടങ്ങിയവയുടെ നേതാക്കൾക്കും എല്ലാ പ്രവർത്തകർക്കും അവരെ സഹഗമിക്കുന്ന എല്ലാ ഡയറക്ടർമാർക്കും ആനിമേറ്റർമാർക്കും അഭിനന്ദനങ്ങളും നന്ദിയും അറിയിക്കുന്നു. പിതാവായ ദൈവത്തിന്റെ കരുണയും പുത്രനായ യേശുക്രിസ്തുവിന്റെ തീക്ഷ്ണതയും പരിശുദ്ധാത്മാവിന്റെ അഭിഷേകവും നിറഞ്ഞുനിൽക്കുന്ന പ്രവർത്തനങ്ങൾ സഭയിൽ നിരന്തരം ചെയ്തുകൊണ്ടിരിക്കുന്ന യുവജനസഭയ്ക്കു പുത്തനുണർവ് പ്രദാനം ചെയ്യാൻ യുവജനവർഷ പ്രഖ്യാപനത്തിന് സാധിച്ചു എന്നതിൽ കേരള മെത്രാൻ സമിതിക്കു ചാരിതാർത്ഥ്യം ഉണ്ട്.

**ക്രിസ്തുവുമായുള്ള സൗഹൃദം**

'നമ്മുടെ രക്ഷകനായ ക്രിസ്തു' എന്ന യുവാവായ ദൈവവുമായുള്ള സൗഹൃദമാണ് യുവജന ആത്മീയത എന്നു കത്തോലിക്കാ സഭയുടെ പരമാധ്യക്ഷൻ ഫ്രാൻസിസ് പാപ്പ ക്രിസ്തു ജീവിക്കുന്നു

എന്ന അപ്പസ്തോലിക ആഹ്വാനത്തിൽ പറയുന്നു. സഭയ്ക്കുള്ളിലെ നമ്മുടെ യുവാക്കളുടെ ഇടപഴകലും ആത്മീയ പോഷണവും ദൈവ മനുഷ്യസൗഹൃദം നിറഞ്ഞതാവണം. നമ്മുടെ യുവജനങ്ങൾ കേവലം സഭയുടെ ഭാവി മാത്രമല്ല; അവർ അതിന്റെ വർത്തമാനകാലത്തിന്റെ ഒരു സുപ്രധാന ഭാഗമാണ്. അതിനാൽ, അവരുടെ ആവശ്യങ്ങൾ, അഭിലാഷങ്ങൾ, അതുല്യമായ ആത്മീയ യാത്രകൾ എന്നിവയുമായി പ്രതിധ്വനിക്കുന്നതും പരിപാലിക്കുന്നതും ഇത്തരുണത്തിൽ അനി വാര്യമാണ്. ധനികനായ യുവാവ് യേശുവിനെ സമീപിച്ചു നിത്യരക്ഷയ് ക്കുള്ള മാർഗമന്വേഷിച്ചപ്പോൾ അവനുമായുള്ള സൗഹൃദം സ്ഥാപി ക്കാൻ യേശു ശ്രമിക്കുന്നുണ്ട് (മത്താ 19.16). എന്നാൽ അവനാകട്ടെ ക്രിസ്തുവെന്ന സ്വത്തിനേക്കാൾ മറ്റു പലതിനും വേണ്ടി ഏറ്റവും അമൂല്യമായ സൗഹൃദം തന്നെ വേണ്ടന്നു വച്ചു, അവസാനം വിഷാദവാ നായി തിരികെപോയി (19.22). ഇത് യുവജനതയ്ക്ക് ഒരു പാഠമാണ്. യേശുക്രിസ്തുവെന്ന ഏറ്റവും മൂല്യമേറിയ സുഹൃത്തിനെ കണ്ടെ ത്താൻ യൗവനത്തിലേ സാധിച്ചാൽ ജീവിതം ആനന്ദപ്രദമാകും. അതിന് സഭയിൽ നടക്കുന്ന രക്ഷാകരമായ ആത്മീയ കൂദാശകളിലുള്ള സജീവ പങ്കാളിത്തവും കാരുണ്യ പ്രവർത്തികളും സാമൂഹിക സാംസ് കാരിക ഇടപെടലുകളും വിപ്ലവകരമായ മാറ്റങ്ങൾക്കായുള്ള തീക്ഷ്ണത നിറഞ്ഞ നിലപാടുകളും യുവജനങ്ങൾക്ക് ഉൾപ്രേരകങ്ങൾ ആകണമെന്ന് സഭ ആഗ്രഹിക്കുന്നു. അത് ഈ യുവജനവർഷത്തിൽ കൂടുതൽ തെളിവായി വരട്ടെ എന്നു ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു.

**യുവജന സൗഹൃദ സഭ**

ഈ യുവജനവർഷത്തിൽ നാം ആത്മവിമർശനത്തോടെ ചോദിക്കണ്ടേത് നമ്മുടെ സഭ, ദേവാലയങ്ങൾ, സഭാസ്ഥാപനങ്ങൾ ഇവയൊക്കയും യുവജന സൗഹൃദപരമാണോ എന്നാണ്. സഭയെയും സഭാ സംവിധാനങ്ങളെയും യുവജന സൗഹൃദപരമാക്കാൻ സാധി ച്ചാൽ ഈ യുവജനവർഷാചരണം സഭാനവീകരണത്തിന് പുതിയ മാനം നൽകും എന്നതിൽ ഒരു സംശയവുമില്ല. നമ്മുടെ ദേവാലയങ്ങൾ യുവാക്കളെ സ്വാഗതം ചെയ്യുകയും പിന്തുണയ്ക്കുകയും ചെയ്യുന്നു ണ്ടെന്ന് ഉറപ്പാക്കാൻ ഒരു യുവജനസൗഹൃദ സഭാപ്രോട്ടോകോൾ (Youth Friendly Church Protocole -YFCP) ഉണ്ടാവുന്നത് അഭികാമ്യം

ആണെന്നു തോന്നുന്നു. അതിനായുള്ള ചില പ്രായോഗിക മാർഗ നിർദ്ദേശങ്ങൾ താഴെ ചേർക്കുന്നു.

**സഭയുടെ ആരാധനാജീവിതത്തിൽ യുവജന പങ്കാളിത്തം**

യുവാക്കളുടെ വിശാലമായ ശ്രേണിയെ ആകർഷിക്കാൻ പരമ്പ രാഗത ആരാധനാക്രമങ്ങൾക്കൊപ്പം സമകാലീന ആരാധനാ രീതികൾ ഉൾപ്പെടുത്തുക. വായനകൾ, സംഗീതം, മറ്റ് ആരാധനാപരമായ റോളുകൾ എന്നിവയിലൂടെ സേവനങ്ങളിൽ യുവജന പങ്കാളിത്തം പ്രോത്സാഹിപ്പിക്കുക.

**യുവജന നേതൃത്വവും പങ്കാളിത്തവും**

സഭാ തീരുമാനങ്ങൾ എടുക്കുന്ന പ്രക്രിയകളിൽ യുവജന ങ്ങൾക്ക് ശബ്ദം നൽകുന്നതിന് യുവജന കൗൺസിലുകളോ ഉപദേശക സമിതികളോ സ്ഥാപിക്കുക. സഭയിലും സമൂഹത്തിലും വിവിധ റോളു കൾക്കായി യുവാക്കളെ സജ്ജരാക്കുന്നതിന് നേതൃത്വ പരിശീലന പരിപാടികൾ വാഗ്ദാനം ചെയ്യുക. പള്ളികളിലെ പാസ്റ്ററൽ കൗൺ സിൽ, പ്ലാനിങ് കമ്മിറ്റി, ഫിനാൻസ് കമ്മിറ്റി തുടങ്ങിയവയിൽ യുവജന പ്രാതിനിധ്യം ഉറപ്പാക്കുക.

**യുവജന വിശ്വാസ പരിശീലനം**

യുവജനകാറ്റിക്കിസം ആകർഷകവും നിർബന്ധവും ആക്കുക മൾട്ടിമീഡിയയും ഇന്ററാക്ടീവ് സമീപനങ്ങളും ഉപയോഗിച്ച് പ്രസ ക്തവും ആകർഷകവുമായ കാറ്റകാറ്റിക്കിൽ പ്രോഗ്രാമുകൾ വികസി പ്പിക്കുക. വിശ്വാസത്തിന്റെ ആഴത്തിലുള്ള പര്യവേക്ഷണം പ്രോത്സാ ഹിപ്പിക്കുന്നതിന് ചെറിയ ഗ്രൂപ്പ് ചർച്ചകളും സമപ്രായക്കാരുടെ നേതൃത്വത്തിൽ ബൈബിൾ, യുക്യാറ്റ്, ഡുക്യാറ്റ് പഠന ശിബിരങ്ങൾ സംഘടിപ്പിക്കുക.

**സുരക്ഷിതവും സ്വാഗതാർഹവുമായ അന്തരീക്ഷം**

എല്ലാ യുവാക്കളുടെയും ക്ഷേമം സംരക്ഷിക്കുന്നതിന് സമഗ്ര മായ സുരക്ഷാ നയങ്ങൾ നടപ്പിലാക്കുക. സാമൂഹികവൽക്കരണ ത്തിനും അനൗപചാരിക ഒത്തുചേരലുകൾക്കുമുള്ള മേഖലകൾ ഉൾപ്പെടെ, യുവജന സൗഹൃദമായ, സ്വാഗതാർഹമായ ഭൗതിക

ഇടങ്ങൾ (സംഘടനാ കാര്യാലയങ്ങൾ) സൃഷ്ടിക്കുക. രൂപതകളിലും ദേവാലയങ്ങളിലും യുവജനങ്ങൾക്ക് കൂടിവരാനായി യൂത്ത് സെന്ററുകൾ ഉണ്ടാവുക.

**സമുദായ സേവനവും സാമൂഹിക നീതിയും**

ഗവൺമെന്റുകളുടെയും സഭയുടെയും സാമൂഹിക സേവന പദ്ധതികളിലും സാമൂഹിക നീതി സംരംഭങ്ങളിലും പങ്കെടുക്കാൻ യുവാക്കളെ പ്രോത്സാഹിപ്പിക്കുക. ജീവകാരുണ്യ പ്രവർത്തനങ്ങളിലൂടെയും ഉപവി പ്രവൃത്തികളിലൂടെയും സുവിശേഷം ജീവിക്കേണ്ടതിന്റെ പ്രാധാന്യം എടുത്തു കാണിക്കുക.

**മുതിർന്നവരുടെ മെന്റർഷിപ്പും വൈദികരുടെ അജപാലന സഹഗമനവും ഉറപ്പാക്കൽ**

മാർഗനിർദേശത്തിനും പിന്തുണയ്ക്കുമായി യുവാക്കളെ സഭയിലെ മുതിർന്ന അംഗങ്ങളുമായി സംവദിക്കുന്ന മെന്റർഷിപ്പ് പ്രോഗ്രാമുകൾ നടത്തുക. യുവാക്കളുടെ കാലികമായ വെല്ലുവിളികൾക്കും ആശങ്കകൾക്കും അനുസൃതമായി അവർക്കു തുറന്ന മനസ്സോടെയുള്ള അജപാലന പരിചരണം നൽകുക. യുവജന അജപാലന ശുശ്രൂഷ നിർബന്ധമാക്കുകയും അതിനായി സെമിനാരികളിൽ കാര്യക്ഷമായ പരിശീലനപരിപാടികൾ നടത്തുകയും ചെയ്യുക.

**സാങ്കേതികവിദ്യയുടെയും സോഷ്യൽ മീഡിയയുടെയും ഉപയോഗം**

മീഡിയ അസിസ്റ്റഡ് മിനിസ്ട്രി (MAM) യുവാക്കൾ ഏറ്റവും സജീവമായ ഇടങ്ങളിൽ അവരുമായി ഇടപഴകുന്നതിന് സോഷ്യൽ മീഡിയയും ഡിജിറ്റൽ പ്ലാറ്റ്ഫോമുകളും കൃത്യമായി ഉപയോഗിക്കുക. വ്യക്തിഗത പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് ഓൺലൈൻ ഉറവിടങ്ങളും വെർചൽ കമ്മ്യൂണിറ്റികളും വാഗ്ദാനം ചെയ്യുക.

**യുവജന സൗഹൃദ കുടുംബങ്ങൾ**

വീടിനുള്ളിൽ യുവാക്കളുടെ വിശ്വാസ വികാസത്തെ പിന്തുണയ്ക്കുന്നതിന് മാതാപിതാക്കളും രക്ഷിതാക്കളുമായും പങ്കാളിത്തം വളർത്തുക. സഭയും കുടുംബജീവിതവും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തുന്ന കുടുംബാധിഷ്ഠിത പരിപാടികൾ സംഘടിപ്പിക്കുക.

**യുവജന സൗഹൃദ സഭാസ്ഥാപനങ്ങൾ**

ഇടവകാതിർത്തിയിലെ സഭാസ്ഥാപനങ്ങൾ യുവജനശുശ്രൂഷ മേഖലകളായി മാറാനും അവരുടെ കലാകായിക പരിശീലനവേദികളാക്കി മാറ്റാനുമുള്ള പദ്ധതികൾ അതതു സ്ഥലത്തെ സന്യസ്ത ഭവനങ്ങളുടെ വിഭവശേഷികൾ യുവജന ശുശ്രൂഷയിൽ പങ്കുചേർക്കുക.

**രൂപതയിൽ യുവജന ഡേറ്റ ബാങ്ക്**

രൂപതയിലെ യുവജനങ്ങളുടെ സമഗ്രമായ വിവരശേഖരണം, ആ വിവരങ്ങളുടെ ശാസ്ത്രീയമായ വിശകലനം, അതിന്റെ അടിസ്ഥാനത്തിൽ ക്രിയാത്മകപദ്ധതികൾ എന്നിവ **യുവജന സൗഹൃദ സഭ** എന്ന ദർശനത്തിലേക്കു കേരള സഭയെ നയിക്കും

**യുവജനശുശ്രൂഷക്കായി നീതിപൂർവകമായ സാമ്പത്തിക ഓഹരി ബഡ്ജറ്റിൽ ഉൾപ്പെടുത്തൽ - നിർവഹണവും വിലയിരുത്തലും**

ഈ പ്രോട്ടോക്കോളുകളുടെ നടത്തിപ്പിന് മേൽനോട്ടം വഹിക്കാൻ ഓരോ രൂപതയുടെയും യുവജന മന്ത്രാലയ കോ-ഓർഡിനേറ്ററെ നിയമിക്കാൻ പ്രോത്സാഹിപ്പിക്കുന്നു. യുവാക്കളെ ഫലപ്രദമായി പിന്തുണയ്ക്കാൻ അവർ സജ്ജരാണെന്ന് ഉറപ്പാക്കാൻ വൈദികർക്കും സാധാരണ നേതാക്കൾക്കും നിരന്തരമായ പരിശീലനവും ശിൽപശാലകളും നൽകണം. കൂടാതെ, നമ്മുടെ സമീപനങ്ങൾ തുടർച്ചയായി പരിഷ്കരിക്കുന്നതിനും മെച്ചപ്പെടുത്തുന്നതിനും യുവാക്കളിൽ നിന്നും അവരുടെ കുടുംബങ്ങളിൽ നിന്നുമുള്ള ആനുകാലിക വിലയിരുത്തലുകളും ഫീഡ്ബാക്കും അത്യന്താപേക്ഷിതമാണ്.

ഉപസംഹാരമായി, യുവജന സൗഹൃദസഭകൾ സൃഷ്ടിക്കുന്നത് കേവലം ഘടനാപരമായ ഒരു സംരംഭമല്ല; അത് യുവജന അജപാലനത്തിന്റെ അനിവാര്യതയാണ്. ഈ പ്രോട്ടോക്കോളുകളും മാർഗനിർദേശങ്ങളും സ്വീകരിക്കുന്നതിലൂടെ, നമ്മുടെ യുവജനങ്ങളുടെ വിശ്വാസം പരിപോഷിപ്പിക്കുന്നതിനുള്ള സഭയുടെ പ്രതിബദ്ധത ഉറപ്പിക്കുന്നു. ക്രിസ്തു നായിനിലെ വിധവയുടെ മകനോട് പറഞ്ഞതു പോലെ, (ലുക്കാ 7, 11-17) ജായ്റോസിന്റെ മകളോട് പറഞ്ഞതുപോലെ, (ലൂക്ക 8, 40-56) കേരളസഭ തന്റെ യുവതയോടു 'യുവാവേ, യുവതീ എഴുന്നേൽക്കു' എന്നു പറയുന്നു. ഏശയ്യ പ്രവാചകനിലുടെ ഇസ്രായേൽ

ജനത്തോട് പറഞ്ഞതുപോലെ പറയുന്നു, 'ഉണർന്നു പ്രശോഭിക്കൂ' (ഏശയ്യ 60.1). അങ്ങനെ അവർ നമ്മുടെ സഭാസമൂഹത്തിന്റെ അവിഭാജ്യവും തേജസ്സുറ്റതുമായ ഘടകമാണെന്ന് ഉറപ്പാക്കുന്നു. ഈ സുപ്രധാന ദൗത്യം ഏറ്റെടുക്കുമ്പോൾ പരിശുദ്ധാത്മാവിന്റെ മാർഗനിർദേശത്തിനായി നമുക്ക് പ്രാർത്ഥിക്കാം. നമ്മുടെ യുവജനങ്ങളെ, ക്രിസ്തുവിനോടും അവിടുത്തെ സഭയോടും അടുപ്പിക്കുന്ന സഭയുടെ പ്രയത്നങ്ങൾ അവരുടെ ജീവിതത്തിൽ ഫലം കായ്ക്കട്ടെ. ഒരു യുവജന സൗഹൃദസഭയായി കേരളസഭ മാറട്ടെ. അതിനായി നമ്മെ ഏവരെയും സർവ്വേശ്വരൻ അനുഗ്രഹിക്കട്ടെ.

**റൈറ്റ് റവ. ഡോ. ക്രിസ്തുദാസ് ആർ**
(ചെയർമാൻ, കെസിബിസി യുവജന കമ്മീഷൻ)

**ഡോ. മാർ ജോസഫ് പണ്ടാരശ്ശേരിൽ**
(വൈസ് ചെയർമാൻ, കെസിബിസി യുവജന കമ്മീഷൻ)

**ഡോ. മാത്യൂസ് മാർ പോളികാർപ്പോസ്**
(വൈസ് ചെയർമാൻ, കെസിബിസി യുവജന കമ്മീഷൻ)

---

N.B.: **ഈ സർക്കുലർ 2024 ജൂലൈ 7-ാം തീയതി ഞായറാഴ്ച ദിവ്യബലി മധ്യേ വായിക്കുകയോ ഇതിലെ വിവരങ്ങൾ ജനങ്ങളെ അറിയിക്കുകയോ ചെയ്യേണ്ടതാണ്.**

## CIRCULAR - 17

## കൊർണേലിയൂസ് ഇലഞ്ഞിക്കൽ പിതാവിന്റെ 13–ാം ചരമവാർഷികം

*യേശുവിൽ പ്രിയ സഹോദര വൈദികരേ,*
*സന്ന്യാസസഹോദരന്മാരേ, സഹോദരിമാരേ, വത്സലമക്കളേ,*

വരാപ്പുഴ അതിരൂപതയുടെ മൂന്നാമത്തെ ഏതദ്ദേശീയ മെത്രാപ്പോലീത്ത ആയിരുന്ന അഭിവന്ദ്യ കൊർണേലിയൂസ് ഇലഞ്ഞിക്കൽ പിതാവ് ദിവംഗതനായിട്ട് 2024 ആഗസ്റ്റ് 7–ാം തീയതി പതിമൂന്ന് വർഷം തികയുകയാണ്. പിതാവിന്റെ ചരമവാർഷികത്തോടനുബന്ധിച്ച് **ആഗസ്റ്റ് 7–ാം തീയതി ബുധനാഴ്ച വൈകിട്ട് 5.30 ന്** നമ്മുടെ സെന്റ് ഫ്രാൻസിസ് അസ്സീസി കത്തീഡ്രൽ ദേവാലയത്തിൽവച്ച് അനുസ്മരണ ദിവ്യബലി, ഒപ്പീസ് മുതലായ തിരുക്കർമ്മങ്ങൾ ഉണ്ടായിരിക്കുന്നതാണ്. സാധിക്കുന്ന എല്ലാവരും പ്രസ്തുത തിരുക്കർമ്മങ്ങളിൽ പങ്കുചേർന്ന് അഭിവന്ദ്യ കൊർണേലിയൂസ് പിതാവിന്റെ ആത്മശാന്തിക്കായി പ്രാർത്ഥിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു.

എറണാകുളം **✠ ജോസഫ് കളത്തിപ്പറമ്പിൽ**
**03.07.2024** *വരാപ്പുഴ അതിരൂപതാ മെത്രാപ്പോലീത്ത*

## CIRCULAR - 18

## വൈദികരുടെ വാർഷിക ധ്യാനം

*യേശുവിൽ പ്രിയ സഹോദര വൈദികരേ,*
*സന്ന്യാസസഹോദരന്മാരേ, സഹോദരിമാരേ, വത്സലമക്കളേ,*

ബഹുമാനപ്പെട്ട വൈദികരുടെ വാർഷിക ധ്യാനം **2024 ജൂലൈ 21 മുതൽ ആഗസ്റ്റ് 2 വരെ** നടക്കുന്നതിനാൽ ആ ദിവസങ്ങളിൽ കൂരിയ അവധിയായിരിക്കുന്നതാണെന്ന് അറിയിക്കുന്നു.

എറണാകുളം **✠ ജോസഫ് കളത്തിപ്പറമ്പിൽ**
**03.07.2024** *വരാപ്പുഴ അതിരൂപതാ മെത്രാപ്പോലീത്ത*

**NOTIFICATION - 10**

**APPOINTMENTS**

1. **Very Rev. Fr. Patrick Elavunkal**
   Forane Vicar Dist. III
   & Parish Priest, Little Flower Church,
   Pottakuzhy, N. Kaloor - 682 017

2. **Rev. Fr. Antony Lijo Odathakal**
   Parish Priest , St. Jude's Church
   Kureekad, Cochin- 682 307
   &
   Associate Director of the Commission for Laity

3. **Rev. Fr. Gino George Kadungamparambil**
   Associate Director
   Little Flower Engg. Institute
   Kalamassery - 683 104.
   &
   Director of Jesus Fraternity (Jail Ministry)

4. **Rev. Fr. Jolly Thappalodath**
   Parish Priest, Amalolbhava Matha Church
   (Our Lady of Immaculate Conception)
   Amalanagar, Valluvally - 683 518.
   &
   B.C.C. Forane Director , District VII

5. **Rev. Fr. Sebastian Oliparambil**
   Parish Priest, St. Sebastian's Church
   Puthuvaippu - 682 508.
   &
   B.C.C. Forane Director, District VIII

6. **Rev. Sr. Dr. Sucy Kinattingal CTC**
Postulator
Cause of Canonisation of
Servant of God Msgr. Emmanuel Lopez

7. **Mr. Shaji George Puliparambil**
Associate Director of the Commission for Laity

Ernakulam Chancellor
03.07.2024

Printed and Published by Fr. Ebigin Arackal
New Vimala Social Service Centre, Kakkanad, Kochi - 21